മെയിൻറനൻസ് വർക്കുകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ അവ ഗതാഗത യോഗ്യമാണ്. വീണ്ടും മെയിൻറനൻസ് വർക്കുകൾ നടത്താൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കൂത്തുപറമ്പ്-മൂരിയാട്-പെരുവാഞ്ചേരി റോഡിന് ഏകദേശം 8 കി.മീ. നീളം വരും. അതിനുവേണ്ടി 24 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വാരാപ്പീടിക-മഞ്ഞാളമ്പുറം റോഡിന്റെ പത്ത് കിലോമീറ്റർ ദൂരം വരും. അതിന് 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ട് റോഡുകൾക്കുംകൂടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ നൂറു രൂപ വീതമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ശരിയായ പരിഷ്ക്കാരം നടത്തി വർക്ക് ചെയ്യാൻ നിവൃത്തിയില്ല. അടിയന്തിരമായി മെയിൻറനൻസ് വർക്കുകൾ നടത്തി ഗതാഗതയോഗ്യമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ കൊള്ളിച്ചതിനുശേഷം നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: മെയിൻറനൻസ് വർക്കിൽ രണ്ടു കിലോമീറ്ററിനകത്തു വരുന്ന റോഡുകൾ ടാർ ചെയ്യാനുള്ള ഒരു സ്കീമുണ്ടല്ലോ. അതിലെങ്കിലും ഈ രണ്ട് റോഡുകളുടേയും വർക്ക് നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഇത് പി.ഡബ്ലിയു.ഡി.യുടെ കീഴിൽ വരുന്ന വർക്കല്ല. നേരത്തെ പറഞ്ഞു, ആർ.എൽ.ഇ.ജി.പി. എൻ.ആർ.ഇ.പി. തുടങ്ങിയ സ്കീമിൽ വരുന്ന വർക്കുകളാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ 17–ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1985–ലെ ഭൂമിവിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബില്ലും ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 17–ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): ഞാൻ അതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly